**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
E-mail:vig.vacb@kerala.gov.in
**ഫോൺ നം. 0471-2305393**
**തീയതി 30.06.2023**

## "പണാപഹരണം നടത്തിയ കേസിൽ മുൻ സിവിൽ സപ്ളൈസ് കോർപറേഷൻ ഉദ്യോഗസ്ഥനെ കഠിന തടവിനും 70,000/-രൂപ ഒടുക്കുന്നതിനും ശിക്ഷിച്ചു".

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ മാവേലി മെഡിക്കൽ സ്റ്റോറിലെ സെയിൽസ്മാൻ ആയിരുന്ന എം. ഹരിലാൽ 6,83,923/- രൂപ വെട്ടിച്ച കേസിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തി കോട്ടയം വിജിലൻസ് കോടതി രണ്ടുവർഷം കഠിനതടവിനും 70,000/-രൂപ പിഴ ഒടുക്കുന്നതിനും ഇന്ന് (30/06/2023) ശിക്ഷിച്ചത്.

01/06/2008 മുതൽ 06/05/2009 കാലയളവിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ മാവേലി മെഡിക്കൽ സ്റ്റോറിലെ സെയിൽസ്മാൻ ആയിരുന്ന ഹരിലാൽ മരുന്നുകളുടെ ബില്ലുകളിൽ കൃത്രിമം കാണിച്ച് 6,83,923/- രൂപ വെട്ടിച്ച കേസിൽ ആലപ്പുഴ വിജിലൻസ് ഡി.വൈ.എസ്.പി. ശ്രീ ജോർജ്ജ് ചെറിയാൻ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ച കേസിലാണ് ഹരിലാൽ കുറ്റക്കാരനാണെന്ന് കണ്ടെത്തി കോട്ടയം വിജിലൻസ് കോടതി ഇന്ന് ശിക്ഷ വിധിച്ചത്. പ്രോസിക്യൂഷന് വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ രാജ് മോഹൻ R പിള്ള ഹാജരായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.